WEDNESDAY 27-07-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-27/07/2022.

1. രാജ്യത്തെ ചെറുകിട നാമമാത്ര കർഷകരുടെ ഉന്നമനത്തിനായി 2018 ഡിസംബർ ഒന്നു മുതൽ കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി. പി എം കിസാൻ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായ കർഷകർക്ക് വർഷത്തിൽ മൂന്നുതവണയായി 6000 രൂപ അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കർഷകർ അവരുടെ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കേണ്ടതാണ്. കാർഷിക മേഖലയുടെ വികസനത്തിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആയി ഡിജിറ്റൽ സാങ്കേതിക വിദ്യ വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി പി എം കിസാൻ പദ്ധതിയിൽ അംഗങ്ങളായ എല്ലാ കർഷകരുടെയും ഒരു സംയുക്ത ഡാറ്റാബേസ് രൂപീകരിക്കുന്നതിന് കേന്ദ്രസർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പി എം കിസാൻ ഗുണഭോക്താക്കൾ അവരവരുടെ സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പി എം കിസാൻ ആനുകൂല്യം തുടർന്ന് ലഭ്യമാകുന്നതിനായി എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും ജൂലൈ 31-ന് മുൻപായി എയിംസ് പോർട്ടലിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ അടിയന്തരമായി ചേർക്കേണ്ടതാണെന്ന് കൃഷിവകുപ്പ് ഡയറക്ടർ അറിയിക്കുന്നു. കൂടാതെ പി എം കിസാനിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് **'ekyc'** നിർബന്ധമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും **ജൂലൈ 31**-ന് മുൻപായി നേരിട്ട് പി എം കിസാൻ പോർട്ടൽ വഴിയോ അക്ഷയ സി എസ് സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ വഴിയോ **ekyc** ചെയ്യേണ്ടതാണ്.

2. പാലക്കാട് പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ ഒന്നിന് നൂറ്റിപ്പത്ത് (110) രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കുട്ടനാട്ടിൽ വിതച്ച് 15 മുതൽ 45 ദിവസം വരെ പ്രായമായ ചമ്പക്കുളം, നെടുമുടി, കൈനകരി, തകഴി കൃഷിഭവന്റെ പരിധിയിൽ വരുന്ന പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഇലത്തുമ്പുകളിൽ കരിച്ചിൽ ആണ് തുടക്ക ലക്ഷണം. വർഷകാല കൃഷിയിൽ രോഗവ്യാപനം വളരെ വേഗത്തിൽ ആയിരിക്കും. രോഗം കൂടുതൽ വ്യാപിക്കുന്ന സാഹചര്യത്തിൽ നിയന്ത്രണം ബുദ്ധിമുട്ടായതിനാൽ ഇലകരിച്ചിൽ ലക്ഷണങ്ങൾ കാണുന്ന പാടശേഖരങ്ങളിൽ കർഷകർ ആരംഭത്തിൽ തന്നെ നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. സാങ്കേതിക സഹായത്തിനായി മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായി നേരിട്ടോ, **9400142409** (ചമ്പക്കുളം), **8547865338** (നെടുമുടി), **9961392082** (കൈനകരി), **9633815621** (തകഴി) എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

4. സംസ്ഥാനത്ത് ആഫ്രിക്കൻ സ്വൈൻ ഫീവർ (പന്നിപ്പനി) സ്ഥിരീകരിച്ച സാഹചര്യത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്വൈൻ ഫീവർ ആക്ഷൻ പ്ലാൻ പ്രകാരം സംസ്ഥാനത്തെ എല്ലാ പന്നി ഫാമുകളിലും ബയോ സെക്യൂരിറ്റി, മാലിന്യനിർമ്മാർജ്ജനം എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്. പന്നിവളർത്തൽ ഫാമുകളിലെ പന്നികളിൽ രോഗലക്ഷണമോ അസ്വാഭാവിക മരണമോ സംഭവിക്കുന്നുണ്ടോയെന്ന് ജാഗ്രത പുലർത്തേണ്ടതും സംശയാസ്പദമായ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ പഞ്ചായത്തിലെ സർക്കാർ വെറ്ററിനറി ഡോക്ടറെ അറിയിക്കേണ്ടതുമാണ്. സംസ്ഥാന തലത്തിൽ വിവരങ്ങൾ അറിയിക്കുവാൻ **0471 2732151** എന്ന ഫോൺ നമ്പരിൽ കൺട്രോൾ റൂം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്ന് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് ഉദ്ദേശം 50 ടൺ **മെയ്സ് സൈലേജ്** വിതരണം ചെയ്യുന്നതിന് താൽപര്യമുള്ളവരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ ലഭിക്കേണ്ട

അവസാന തീയതി ആഗസ്റ്റ് 09 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ അത്യുൽപാദനശേഷിയുള്ള ബി.വി 380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു നൂറ്റിഅറുപത് (160) രൂപയാണ് വില. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂലൈ 28) രാവിലെ 11 മണിക്ക് **ആഫ്രിക്കൻ സൈ്വൻ ഫീവർ** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കും സംരംഭകർക്കുമായി നടത്തു**ന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ്** എന്ന കോഴ്സിലേയ്ക്ക് തിരുവനന്തപുരം ജില്ലയിൽ അപേക്ഷ ക്ഷണിയ്ക്കുന്നു. കൃഷി ഓഫീസറുടെ ശുപാർശ പ്രകാരം ഈ മാസം 30 ന് മുമ്പായി തിരുവനന്തപുരം കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ പ്രവർത്തിയ്ക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷകൾ നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.

10. **ആഫ്രിക്കൻ സൈ്വൻ ഫീവർ രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രത നിർദേശങ്ങൾ**

- കാട്ടുപന്നികളുടെയും അരഞ്ഞുതിരിയുന്ന പന്നികളുടെയും സമ്പർക്കം ഒഴിവാക്കുക.
- പന്നി ഫാമിലേക്ക് വരുകയോ പോവുകയോ ചെയ്യുന്ന വാഹനങ്ങൾ അണുവിമുക്തമാക്കുക. രണ്ടു ശതമാനം വീര്യമുള്ള സോഡിയം ഹൈപ്പോക്ലോറൈറ്റ്, സോഡിയം ഹൈഡ്രോക്സൈഡ്, പെർ അസറ്റിക് ആസിഡ്, കുമ്മായം എന്നിവ അണുനാശിനികളായി ഉപയോഗിക്കാം.

- പന്നിഫാമിലേക്കുള്ള സന്ദർശകരെ നിജപ്പെടുത്തിയും അവരുടെ വിവരങ്ങൾ എഴുതിയും സൂക്ഷിക്കുക.
- പന്നിഫാമിൽ പ്രവേശിക്കുന്നതിന് മുൻപ് ശുചിത്വം പാലിക്കുകയും കൈകൾ അണുവിമുക്തമാക്കുകയും ചെയ്യുക.
- പന്നിഫാമിലേക്ക് മറ്റു മൃഗങ്ങളോ എലികളോ പക്ഷികളോ കടക്കുന്നത് തടയുക. പക്ഷികൾ ഫാമിൽ കയറാതിരിക്കാൻ വശങ്ങളിൽ നെറ്റ് ക്രമീകരിക്കേണ്ടതാണ്.
- പന്നികളിൽ രോഗലക്ഷണം കാണുകയാണെങ്കിൽ അടുത്തുള്ള വെറ്ററിനറി ഡോക്ടറുമായി ബന്ധപ്പെടുക.
- പുതുതായി ഫാമിലേക്ക് പന്നിക്കുഞ്ഞുങ്ങളെ വാങ്ങുന്നത് താൽക്കാലികമായി ഒഴിവാക്കുക.
- തൊഴിലാളികളെ രോഗലക്ഷണങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും അവർ മറ്റു ഫാമുകളിലേക്ക് പോകുന്നത് തടയുകയും ചെയ്യുക.

11. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം രൂക്ഷമായി കണ്ടുവരുന്നു. ഇവയുടെ ആക്രമണ ഫലമായി വിരിഞ്ഞു വരുന്ന കൂമ്പോലകളിൽ ത്രികോണാകൃതിയിലുള്ള മുറിവുകൾ കാണാം. ഇവയെ നിയന്ത്രിക്കുന്നതിനായി തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം ഓലക്കവിളിൽ രാസകീടനാശിനിയായ **കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ്** 20 ഗ്രാം അല്ലെങ്കിൽ 0.3 ഗ്രാം **ഫിപ്രോനിൽ** 200 ഗ്രാം മണലുമായി ചേർത്തിളക്കിയ മിശ്രിതം മണ്ടയുടെ ഉൾഭാഗത്തുള്ള 2 മുതൽ 3 വരെയുള്ള മടലിന്റെ കവിൾ ഭാഗത്തു ഇട്ട് കൊടുക്കുക. ചാണകകുഴികളിലും, കൊമ്പൻ ചെല്ലിയുടെ മറ്റു പ്രജനന സ്ഥലങ്ങളിലും **മെറ്റാറൈസിയം** ഉപയോഗിച്ചു പുഴുക്കളെ നീയന്ത്രിക്കേണ്ടതാണ്. ഒരു ക്യൂബിക് മീറ്റർ ജൈവവസ്തുവിന് 250 ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മില്ലി വെള്ളവുമായി കലക്കി വളക്കുഴികളിലും ചാണകക്കുഴികളിലും ഒഴിച്ച് കൊടുത്ത് തെങ്ങിനെ ആക്രമിക്കുന്ന കൊമ്പൻ ചെല്ലികളുടെ പുഴുക്കളെ നിയന്ത്രിക്കാവുന്നതാണ്.